**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **02-02-2024 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക്കുകളിലെ അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ തിയറി ക്ലാസുകൾ നടത്തുന്ന ലെക്ചറർ തസ്തികകളുടെ എണ്ണം വിദ്യാർഥി അനുപാതത്തിന് അനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ടെങ്കിലും പ്രാക്ടിക്കൽ ക്ലാസുകൾ നൽകുന്ന അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ 21.12.1998 തീയതിയിലെ സ.ഉ(കൈ)158/98/ ഉ.വി.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ള ലാബ് സ്റ്റാഫ് പാറ്റേൺ ആണ് പിൻതുടരുന്നത്. പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം ഓരോ പോളിടെക്നിക് കോളേജുകളിലെയും ഓരോ ബ്രാഞ്ചിലേയ്ക്കും 2 വീതം ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളും വർക്ക്ഷോപ്പിലേയ്ക്ക് ഒരു വർക്ക് ഷോപ്പ് സൂപ്രണ്ട്, 4 വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ), ഒരു വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ), 4 വീതം ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളുമാണ് നിശ്ചയിച്ചിട്ടുള്ളത്. പോളിടെക്നിക്ക് കോളേജുകളിലെ അധ്യാപക തസ്തികകളുടെ പാറ്റേൺ എ.ഐ.സി.ടി.ഇ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അധ്യാപക-വിദ്യാർത്ഥി അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് പരിഷ്കരിക്കുന്നത്. എന്നാൽ ലാബ് ജിവനക്കാർക്കായി എ.ഐ.സി.ടി.ഇ പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല. പോളിടെക്നിക്ക് കോളേജുകളിലെ ലാബ് സ്റ്റാഫുകളുടെ പാറ്റേൺ പരിഷ്കരിക്കുവാൻ നിലവിൽ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പോളിടെക്നിക് കോഴ്സുകളിൽ പ്രാക്ടിക്കൽ ക്ലാസുകൾക്കുള്ള പ്രാധാന്യം പരിഗണിച്ച് അക്കാദമിക നിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രാക്ടിക്കൽ ക്ലാസുകൾ നൽകുന്ന അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ 21.12.1998 തീയതിയിലെ സ.ഉ(കൈ)158/98/ ഉ.വി.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ള ലാബ് സ്റ്റാഫ് പാറ്റേൺ ആണ് പിൻതുടരുന്നത്. പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം ഓരോ പോളിടെക്നിക് കോളേജുകളിലെയും ഓരോ ബ്രാഞ്ചിലേയ്ക്കും 2 വീതം ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളും വർക്ക്ഷോപ്പിലേയ്ക്ക് ഒരു വർക്ക് ഷോപ്പ് സൂപ്രണ്ട്, 4 വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ), ഒരു വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ), 4 വീതം ട്രേഡ് ഇൻസ്ട്രക്ടർ, |

| | | | |
|---|---|---|---|
| | | | ട്രേഡ്സ്മാൻ തസ്തികകളുമാണ് നിശ്ചയിച്ചിട്ടുള്ളത്. പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യാപക തസ്തികകളുടെ പാറ്റേൺ എ.ഐ.സി.ടി.ഇ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അധ്യാപക-വിദ്യാർത്ഥി അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് പരിഷ്ക്കരിക്കുന്നത്. എന്നാൽ ലാബ് ജിവനക്കാർക്കായി എ.ഐ.സി.ടി.ഇ പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല. പോളിടെക്നിക്ക് കോളേജുകളിലെ ലാബ് സ്റ്റാഫുകളുടെ പാറ്റേൺ പരിഷ്ക്കരിക്കുവാൻ നിലവിൽ പ്രൊപ്പോസലുകൾ ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ